"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി പ്രളയം 2018 ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ ഭാഗികവും പൂർണ്ണവുമായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്. സി) വകുപ്പ്

സ.ഉ.(സാധാ) നം.2516/2020/റവ. തീയതി,തിരുവനന്തപുരം, 05/08/2020

---

പരാമർശം:-

1. സ.ഉ.(സാധാ) നം.5088/2018/റവ. തീയതി.08.12.2018.
2. സ.ഉ.(സാധാ) നം.134/2019/റവ. തീയതി.14.01.2019.
3. സ.ഉ.(സാധാ) നം.2020/2019/റവ. തീയതി.25.07.2019
4. സ.ഉ.(സാധാ) നം.2061/2019/റവ. തീയതി.2 07.2019
5. സ.ഉ.(സാധാ) നം.3664/2019/റവ. തീയതി.06.12.2019.
6. സ.ഉ.(സാധാ) നം.715/2020/റവ. തീയതി.19.02.2020.
7. സ.ഉ.(സാധാ) നം.2391/2020/റവ. തീയതി.14.07.2020.
8. ആലപ്പുഴ ജില്ലാ കളക്ടറുടെ 02.07.2020ലെ എൻ1 133/2019 നമ്പർ കത്ത്.

## ഉത്തരവ്

2018-ലെ പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം (1) പ്രകാരം 126,55,00,000/- രൂപയും പരാമർശം (2) പ്രകാരം 125,45,92,800/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനു ശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി പരിഹരിക്കുന്നതിന് പരാമർശം (3) പ്രകാരം 100,00,00,000/- രൂപയും പരാമർശം (4) പ്രകാരം 83,00,00,000/- രൂപയും പരാമർശം (5) പ്രകാരം 13,22,74,350/- രൂപയും പരാമർശം (6) പ്രകാരം 27,04,16,700/- രൂപയും പരാമർശം (7) പ്രകാരം 5,61,31,350/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. അമ്പലപ്പുഴ തഹസിൽദാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 2018-ലെ പ്രളയക്കെടുതിയിൽ അമ്പലപ്പുഴ താലൂക്കിൽ ഭാഗികമായി നാശനഷ്ടം സംഭവിച്ച 46 കുടുംബങ്ങൾക്ക് നൽകേണ്ട 4,69,600/- രൂപയും പൂർണ്ണമായി നാശനഷ്ടം സംഭവിച്ച 3 കുടുംബങ്ങൾക്ക് നൽകേണ്ട 4,52,700/- രൂപയും ചേർത്ത് ആകെ 9,22,300/- രൂപ (ഒൻപതു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി മുന്നൂറ് രൂപ) കൂടി ജില്ലയിൽ വിതരണത്തിന് ആവശ്യമുള്ളതാണെന്നും ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്നും ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ കളക്ടർ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, പരാമർശം (1), (2), (3), (4) (5) (6) (7) ഉത്തരവുകൾ പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ, അമ്പലപ്പുഴ താലൂക്കിൽ വിതരണത്തിനാവശ്യമായ 9,22,300/- രൂപ (ഒൻപതു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിന് ആവശ്യമായി വരുന്ന 9,22,300/- രൂപ (ഒൻപതു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി മുന്നൂറ് രൂപ മാത്രം) "2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)" എന്ന

File No.DRF-C1/107/2020-REV

ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൌണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുക വിതരണം ചെയ്യുന്നതിന് മുൻപായി ടി 49 ഗുണഭോക്താക്കളിൽ ആർക്കെങ്കിലും ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക ലഭിച്ചിട്ടില്ലായെന്നു ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതും അപ്രകാരം ആർക്കെങ്കിലും തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ.
മെമ്പർ സെക്രട്ടറി,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ഒബ്സർവേറ്ററി ഹിൽസ്. വികാസ് ഭവൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി. (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ.( ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്/ ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
റവന്യൂ (ഡി.ആർ.എഫ്. എ/ഡി.ആർ.എഫ്. ബി) വകുപ്പുകൾക്ക്.

ഉത്തരവിൻ പ്രകാരം
Bindumol.K.N
സെക്ഷൻ ഓഫീസർ